
# പടവുകൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 – 2026



## ചിറവട്ടം എൽ പി സ്കൂൾ

മേമുണ്ട

## ഉള്ളടക്കം

1. ആമുഖം
2. ചരിത്രം
3. അക്കാദമിക നേട്ടങ്ങൾ
4. പരിമിതികൾ, വെല്ലുവിളികൾ
5. അക്കാദമിക പ്രവർത്തനങ്ങൾ
6. ലക്ഷ്യങ്ങൾ
7. പദ്ധതിവിശദാംശങ്ങൾ (പ്രവർത്തനങ്ങൾ, കാലം ചുമതല, സാമ്പത്തിക വിശകലനം)
8. മോണിറ്ററിംങ്
9. ഉപസംഹാരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ചിറവട്ടം എൽ.പി.സ്കൂൾ |
| സ്കൂൾകോഡ് | : | 3204100309 |
| ബി.ആർ.സി | : | തോടന്നൂർ |
| ഉപജില്ല | : | തോടന്നൂർ |
| ഗ്രാമപഞ്ചായത്ത് | : | വില്ല്യാപ്പള്ളി |
| വിദ്യാഭ്യാസജില്ല | : | വടകര |
| ജില്ല | : | കോഴിക്കോട് |
| മാനേജർ | : | വി.കുഞ്ഞിക്കണ്ണക്കുറുപ്പ് |
| പി.ടി.എ പ്രസിഡണ്ട് | : | മജീദ് മച്ചിൽ |
| എം.പി.ടി.എ.ചെയർപേഴ്സൺ | : | ഫൗസിയ മീറോളി |

## ആമുഖം

150ൽപരം വർഷത്തെ ചരിത്രമുണ്ട് മേമുണ്ടയിലെ ചിറവട്ടം എൽപി. സ്കൂളിന്. കുടിപ്പള്ളിക്കൂടമായി തുടങ്ങി. പിന്നീട് ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ചിറവട്ടം ഹയർ എലിമെന്ററിസ്കൂളായി വളർന്നു. ഇന്ന് മേമുണ്ട ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു ചിറയുടെ വട്ടത്തിലായി സ്ഥിതിചെയ്തിരുന്നതിനാൽ അതിന് ചിറവട്ടം എൽ പി സ്കൂൾ എന്ന പേര് വന്നു.

കഴിഞ്ഞ കാലങ്ങളിൽ പ്രഗത്ഭരായ ഒട്ടേറെ അധ്യാപകർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചുണ്ട്. ഈ വിദ്യാലയത്തിൽ നിന്നും ആദ്യാക്ഷരംകുറിച്ച എത്രയോപേർ ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉയർന്നതലത്തിൽ ജോലി ചെയ്യുന്നുണ്ട്.

മാറിയ സാഹചര്യത്തിനനുസരിച്ച് സ്കൂളിനെ മികവിന്റെ വഴിയിലേക്ക് നയിക്കാൻ കഴിഞ്ഞ കുറേ വർഷത്തോളമായി പരിമിതികൾക്കുള്ളിൽ നിന്ന്കൊണ്ട് ശ്രമിക്കുന്നുണ്ട്. സ്കൂൾ വൈദ്യുതീകരണം, പൈപ്പ് കണക്ഷൻ, കുടിവെള്ള പദ്ധതി, മൂത്രപ്പുര നിർമ്മാണം, കമ്പ്യൂട്ടർ ലാബ് നിർമ്മാണം, ഓഫീസ് റൂം, ക്ലാസ്സ്മുറികളിൽ ടൈൽസ് പാകൽ, നെറ്റ് കണക്ഷൻ തുടങ്ങിയവ പി.ടി.എയുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

**അക്കാദമിക നേട്ടങ്ങൾ 2024-25**

വില്ല്യാപ്പള്ളി പഞ്ചായത്ത് തലത്തിലും തോടന്നൂർ ഉപജില്ലാതല ത്തിലും വിവിധ മേളകളിലും ക്വിസ് മത്സരങ്ങളിലും, ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്.

വർഷങ്ങളായി LSS പരീക്ഷകളിൽ മികച്ചനേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്ന സ്കൂൾ കഴിഞ്ഞ അദ്ധ്യയന വർഷവും 5വിദ്യാർത്ഥി കൾ LSS നേടി സ്കൂളിന്റെ പാരമ്പര്യം നിലനിർത്തി.

സംസ്ഥാന ഗണിത ശാസ്ത്രപരിഷത്ത് നടത്തിയിരുന്ന ഗണിത പ്രതിഭാ നിർണ്ണയ പരീക്ഷയിൽ വർഷംതോറും മികച്ച നേട്ടം സ്കൂൾ കൈവരിച്ചുവരുന്നു.

**പരിമിതികൾ വെല്ലുവിളികൾ**

1. Smart class room ന്റെ അപര്യാപ്തത.
2. സ്കൂൾ ചുറ്റുമതിൽ ഇല്ല.
3. നവീകരിച്ച നടപ്പാത ഇല്ല.

**ലക്ഷ്യങ്ങൾ**

1. ശ്രവണം, ഭക്ഷണം, ലേഖനം എന്നീ മേഖലകളിൽ എല്ലാവിദ്യാ ർത്ഥികളെയും അവരവരുടെ ഉയർന്ന നിലവാരത്തിലെത്തിക്കുക.
2. ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ.
3. ശാസ്ത്രാഭിരുചി വളർത്തൽ.
4. സ്കൂളിലെ മുഴുവൻ കുട്ടികളെയും കായികക്ഷമതയുള്ളവരാക്കുക.

**അക്കാദമിക പ്രവർത്തനങ്ങൾ**

1. പടവുകൾ - വായനയിലും എഴുത്തിലും പിന്നോക്കക്കാർക്കുള്ള പരിശീനലം.
2. ടാലന്റ് ഹണ്ട് - പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കൽ.
3. ലൈബ്രറി നവീകരണം - പുസ്തകശേഖരണം, വിവിധ വിദ്യാഭ്യാസമാസികകൾ, പത്രങ്ങൾ, റീഡിംഗ്റൂം.
4. കായിക പരിശീലനം, ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം, ശില്പശാല, തിയേറ്റർ ക്യാമ്പ്, ഇംഗ്ലീഷ് അസംബ്ലി, മാസിക, ഇംഗ്ലീഷ്ഫെസ്റ്റ്, കമ്മ്യുണിക്കേറ്റീവ് ഇംഗ്ലീഷ്, പഠനയാത്ര, ദിനാചരണങ്ങൾ.

**പോഷകാഹാരം**

പ്രഭാതഭക്ഷണം, മികച്ച രീതിയിലുള്ള ഉച്ചഭക്ഷണം, മുട്ട, പാൽ, കർക്കിടകകഞ്ഞി.

**പി.ടി.എ**

പി.ടി.എ യോഗങ്ങൾ

സി.പി.ടി.എ

അമ്മ വായന

പി.ടി.എ എക്സിക്യുട്ടീവ് യോഗം

**പ്രതിഭാപോഷണം**

| | | |
|---|---|---|
| മേഖല | : | എൽ എസ് എസ് പരിശീലനം |
| ലക്ഷ്യം | : | പരമാവധി കുട്ടികൾക്ക് എൽ എസ് എസ് സ്കോളർഷിപ്പ് ലഭ്യമാക്കുക. |
| പ്രവർത്തന കാലം | : | 2025 ആഗസ്ത് മുതൽ 2026 ഫിബ്രവരി വരെ |
| പ്രവർത്തന ചുതല | : | എസ്, ആർ,ജി കൺവീനർ, സ്റ്റാഫ് കൗൺസിൽ |
| പ്രവർത്തനങ്ങൾ | : | ഒന്നാം പാദമൂല്യനിർണയത്തിന് ശേഷം എൽ.എസ്.എസ് എഴുതാൻ യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പിന്നോക്കാവസ്ഥ പരിഗണിക്കൽ പഠന പിന്നോക്കത്തിലുള്ള കുട്ടികളെ കണ്ടെത്തൽ | പ്രി ടെസ്റ്റ്<br>പരീക്ഷ വിശകലനം പി.ടി.എ യിൽ<br>പരിഹാരബോധന ക്ലാസ്സ് | ജൂൺ<br>ജൂലായ് | അധ്യാപകർ<br>അധ്യാപകർ | |
| പഠന പുരോഗതി പരിശോധന | പോസ്റ്റ് ടെസ്റ്റ് എസ് ആർ ജി യിൽ തയ്യാറാക്കിയ ചോദ്യ പേപ്പർ | | എസ്.ആർ.ജി | |
| കുട്ടിയെ മികച്ച വായനക്കാരാക്കൽ | ക്ലാസ്സ് വായനക്കൂട്ടം<br>വായന മൂല<br>ക്ലാസ്സ് ലൈബ്രറി<br>പത്രവായന<br>കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരണം<br>ലൈബ്രറി സന്ദർശനം<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>രചയിതാക്കളെ പരിചയപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| വിവിധ ദിനാചരണങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക | ക്വിസ്സുകൾ<br>പോസ്റ്റർ നിർമ്മാണം<br>പ്രഭാഷണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>എസ്.ആർ.ജി | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ | കാർട്ടൂൺ പ്രദർശനം<br>കഥകൾ (ICT)<br>Hello English | മാസത്തിലൊന്ന് | Teacher | |
| ഇംഗ്ലീഷ് ഭാഷാ സംസാരിക്കുവാനുള്ള അവസര മൊരുക്കൽ | വൺ മിനിറ്റ് ടോക്ക്<br>ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ബാലസഭ | എല്ലാ ദിവസവും<br>രണ്ടാഴ്ചയിൽ ഒന്ന്<br>മാസത്തിൽ1 | Class Teacher<br>Club Convenor<br>SRG | |
| ഒഴുക്കോടെയും ആശയമറിഞ്ഞുമുള്ള വായന | വായക്കാർഡുകൾ<br>ലൈബ്രറി വികസനം<br>റീഡിംഗ്ബെൽ | ജൂൺ – മാർച്ച്<br>" | SRG<br>SSG | |
| തെറ്റില്ലാതെ അനായാസം എഴുതാനുള്ള ശേഷി നേടൽ | ഇംഗ്ലീഷ് ഡയറി<br>ശില്പശാല<br>കളികൾ | സപ്തംബർ മാർച്ച്<br>ജനുവരി<br>ജൂൺ മാർച്ച് | Class Teacher<br>SSG<br>Teacher | |
| ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തൽ | കമ്മ്യുണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് | ജൂൺ മാർച്ച് | Teacher | |
| | ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് മാഗസിൻ | ജൂൺ മുതൽ മാർച്ച് വരെ | SSG<br>Class teacher | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

## അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അറബി ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രി ടെസ്റ്റ്<br>വിശകലനം<br>പി.ടി.എ<br>പരിഹാര ബോധന ക്ലാസ്സ്<br>തയ്യാറാക്കിയ മൊഡ്യൂൾ അനുസരിച്ച്<br>പോസ്റ്റ് ടെസ്റ്റ് | 3 മാസം | Arabic Teacher | |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | ചിത്ര കഥ<br>വായനക്കാർഡുകൾ<br>അറബിക് ഫെസ്റ്റ് | | | |
| വിവിധ ദിനാചരണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കൽ | ക്വിസ്സുകൾ<br>പോസ്റ്റർ നിർമ്മാണം<br>അറബിക് ഫെസ്റ്റ് | ജൂൺ മുതൽ മാർച്ച് വരെ | Arabic Teacher | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | പ്രി ടെസ്റ്റ്<br>പരീക്ഷ വിശകലനം<br>മൊഡ്യൂൾ തയ്യാറാക്കൽ<br>പരിഹാരബോധനം (ക്ലാസ്സ്തലം) | 3 മാസം | അധ്യാപകർ | 500 |
| കുട്ടികളിൽ ഗണിതാസ്വാദനം വളർത്തൽ | കുസൃതി ചെപ്പ് (ആഴ്ചയിൽ ഒരു ചോദ്യം കൊടുക്കൽ ഉത്തരം കണ്ടെത്തി പെട്ടിയിടൽ)<br>ഗണിത കളികൾ 1-4 വരെയുള്ള കുട്ടികൾക്ക് പറ്റിയ ഗണിതകളികൾ കണ്ടെത്തൽ<br>മാസത്തിൽ 1 ദിവസം ഗണിത കളികൾക്കായി നീക്കിവെക്കൽ | 1 വർഷം<br>1 വർഷം | അധ്യാപകർ<br>അധ്യാപകർ | 2000 |
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതലാബ്<br>ലാബിൽവേണ്ട മെറ്റീരിയൽസ് ലിസ്റ്റ് ചെയ്യൽ<br>ഗണിതോപകരണ ശില്പശാല (രക്ഷിതാക്കൾക്ക്)<br>ഗണിതലാബ് ഉദ്ഘാടനം<br>ഗണിത ചുമർ എല്ലാ ക്ലാസ്സുകളിലും ഗണിതാശയങ്ങൾ ചുവരിൽ വരച്ച് ചേർക്കുക<br>ഗണിതോത്സവം | ആഗസ്ത്<br>സപ്തംബർ<br>ഒക്ടോബർ അവസാന ആഴ്ച<br>ഒക്ടോബർ<br>മാർച്ച് | അധ്യാപകർ PTA<br>PTA<br>അധ്യാപകർ | 4000 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാഭിരുചിവളർത്തൽ | ശാസ്ത്രലാബ് ഒരുക്കൽ | ജൂലൈ | അധ്യാപകർ കുട്ടികൾ | PTA2000 |
| | പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ | PTA500 |
| ശാസ്ത്രപഠനം രസകരമാക്കൽ | പഠനയാത്ര (ഫീൽഡ് ട്രിപ്പ്) | | പി.ടി.എ.SSG | PTA10000 |
| | ഐസിടി സാധ്യത ഉപയോഗിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SSG1000 |
| | ശാസ്ത്രപുസ്തകങ്ങൾ പരിചയപ്പെടൽ | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ | പി.ടി.എ 500 |
| | ശാസ്ത്രപ്രതിഭകളെ പരിചയപ്പെടൽ | മാസത്തിൽ 1 തവണ | അധ്യാപകർ | പി.ടി.എ 500 |
| | ഔഷധത്തോട്ട നിർമ്മാണം | ജൂൺ | പി.ടി.എ | പി.ടി.എ 1000 |
| | ജൈവ വൈവിധ്യപാർക്ക് ഒരുക്കൽ | ജൂൺ മുതൽ മാർച്ച്വരെ | വിവിധ സംഘടനകൾ പി.ടി.എ | വിവിധ സംഘടനകൾ 2000 |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

*മേഖല : കായികക്ഷമത*

**കായികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളുടെയും കായിക്ഷമത വർദ്ധിപ്പിക്കുക | ➢ പി.ടി.എ എക്സിക്യുട്ടീവ് യോഗത്തിൽ ചർച്ച<br>➢ സുംബ ഡാൻസ്<br>➢ ജനറൽബോഡിയോഗത്തിൽ വിശദീകരണം<br>➢ കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ സംഘടിപ്പിക്കൽ<br>➢ റിസോഴ്സ് ഗ്രൂപ്പ് അധ്യാപകരെ വെച്ചുള്ള പരിശീലനം<br>➢ കായിക്ഷമതക്ലാസ്സ്<br>➢ കായികമേള | 2025 ജൂലായ് മുതൽ മാർച്ച് വരെ | പി.ടി.എ<br>SRG<br>റിസോഴ്സ് ഗ്രൂപ്പ്<br>SSG | 1000<br>1000<br>2000 |

## ഉപസംഹാരം

കേരള സർക്കാർ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതി പശ്ചാത്തലത്തിലാണ് ഈ വർഷത്തെ സ്കൂൾ വികസന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

നമ്മുടെ വിദ്യാലയത്തിന് സമാഹരിക്കാൻ കഴിയുന്ന ഭൗതികസാഹചര്യങ്ങൾ മാനുഷിക വിഭവശേഷി സമ്പത്ത് വിഭവങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് വിദ്യാലയ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിലൂടെ സുരക്ഷിതവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും ലഭ്യമാകുമെന്ന് പ്രത്യാശിക്കുന്നു.